**പതിമൂന്നാം കേരളനിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2107 07.12.2015 ന് മറുപടിയ്ക്ക്.

**ബെഡൂർ-കമ്പല്ലൂർ റോഡിന്റെ ശോച്യാവസ്ഥ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിലെ ബെസൂർ അക്കരച്ചേരി വനമേഖലയിലൂടെ കടന്ന് പോകുന്ന ബെഡൂർ-കമ്പല്ലൂർ ഫോറസ്റ്റ് റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ? | (എ) കാസറഗോഡ് ജില്ലയിലെ ഏളേരി റിസർവ്വ് വനത്തിലൂടെ കടന്നുപോകുന്ന വെസ്റ്റ് എളേരി-ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡാണ് ബേഡൂർ-കമ്പല്ലൂർ റോഡ്. വർഷങ്ങൾക്കുമുമ്പ് ടാർ ചെയ്ത ഈ റോഡിന് വളരെയധികം അറ്റകുറ്റപ്പണികൾ ആവശ്യമായതിനാൽ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് റോഡ് അറ്റകുറ്റപ്പണി നടത്തുന്നതിന് 16.01.2015 ന് കാസർഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് അനുമതി നൽകിയിട്ടുള്ളതും ടി പ്രവൃത്തിക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാകുന്നു. എന്നാൽ നാളിതുവരെയായിട്ടും ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.